# ACADEMIC
# MASTER PLAN
## 2025-26



## ST. PETER'S & ST. PAUL'S ENGLISH HIGH SCHOOL MEENANGADI

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | സെന്റ് പീറ്റേഴ്സ് ആൻഡ് സെന്റ് പോൾസ് ഇംഗ്ലീഷ് ഹൈസ്കൂൾ മീനങ്ങാടി. |
| വിലാസം | : | മീനങ്ങാടി പി .ഒ. |
| | : | വയനാട് ജില്ല 673591 |
| | : | ഫോൺ 04936 248082 |
| സ്കൂൾ കോഡ് | : | 15359 |
| വിദ്യാഭ്യാസ ഉപജില്ല | : | വയനാട് |
| വിദ്യാഭ്യാസ ജില്ല | : | വയനാട് |
| റവന്യൂ ജില്ല | : | വയനാട് |
| ബി.ആർ .സി. | : | സുൽത്താൻ ബത്തേരി |
| ഗ്രാമപഞ്ചായത്ത് | : | മീനങ്ങാടി പഞ്ചായത്ത് |
| ബ്ലോക്ക് | : | സുൽത്താൻ ബത്തേരി |
| ജില്ലാ പഞ്ചായത്ത് | : | വയനാട് |
| നിയമസഭാമണ്ഡലം | : | സുൽത്താൻ ബത്തേരി |
| ലോകസഭാ മണ്ഡലം | : | വയനാട് |
| താലൂക്ക് | : | സുൽത്താൻ ബത്തേരി |
| വില്ലേജ് | : | പുറക്കാടി |
| ഈമെയിൽ | : | stpetersmeenangadi@gmail.com |
| വെബ്സൈറ്റ് | : | |
| സ്കൂൾ വിക്കി | : | www.schoolwiki.in/15359 |

# ഉള്ളടക്കം

1. ആമുഖം

2. ലക്ഷ്യങ്ങൾ

3. വിദ്യാലയം വികവി കേന്ദ്രം കാഴ്ചപ്പാട്

4. പ്രതീക്ഷിത നേട്ടങ്ങൾ

5. വാർഷിക പദ്ധതി ദിനാചരണങ്ങൾ

6. അക്കാദമിക് മാസ്റ്റർ പ്ലാൻ വിവിധ വിഷയങ്ങൾ

7. സീറോ പിരീഡ്

8. ഉപസംഹാരം

# ആമുഖം

വയനാട് ജില്ലയിലെ സുൽത്താൻ ബത്തേരി ഉപജില്ലയിൽ മീനങ്ങാടി എന്ന സ്ഥലത്ത് സ്ഥിതിചെയ്യുന്ന ഒരു അൺഎയ്ഡഡ് യു.പി വിദ്യാലയമാണ് **എസ്‌പി ആന്റ് എസ്‌പി ഇ യു പി എസ് മീനങ്ങാടി.** 1980 ൽ പുണ്യശ്ലോകനായ ശാമുവേൽ മോർ പീലക്സിനോസ് തിരുമേനി പള്ളിമുറിയിൽ താമസിച്ചിരുന്ന കാലം. കൂടെ ഉണ്ടായിരുന്ന വന്ദ്യ മിഖായേൽ കോർ എപ്പിസ്കോപ്പയോടും ബഹു. സൈമൺ മാലിയിൽ അച്ചനോടും ഈ ആധുനിക ലോകത്തിൽ പുതുതലമുറ അറിവിലൂടെ വളരുന്നതിനും ലോകപരിജ്ഞാനം നേടുന്നതിനും ഇംഗ്ലീഷ് വിദ്യാഭ്യാസം അനിവാര്യമാണെന്നും അതിനാൽ മീനങ്ങാടിയിൽ ഇംഗ്ലീഷ് വിദ്യാലയം തുടങ്ങണമെന്ന് പറയുകയും അതനുസരിച്ച് 1981 ൽ വ പിതാവിന്റെ അനുഗ്രഹത്താൽ 7 കുട്ടികളുമായി ബഹു. സൈമൺ മാലിയിൽ അച്ചൻ വാരിയാട്ട് അഗസ്റ്റിയുടെ മീനങ്ങാടിയിലുള്ള ഇപ്പോഴത്തെ SMPM കെട്ടിടത്തിൽ മോർ ബസേലിയോസ് ഇംഗ്ലീഷ് സ്കൂൾ സ്ഥാപിച്ചു അച്ചന് സ്കൂൾ നടത്തിക്കൊണ്ടുപോകാൻ സാങ്കേതികമായ ബുദ്ധിമുട്ട് അറിയിച്ചപ്പോൾ 1982 ൽ വന്ദ്യ മിഖായേൽ കോർ എപ്പിസ്കോപ്പ് പ്രസ്തുത സ്ഥാപനം മീനങ്ങാടി പള്ളിയുടെ സൺഡേ സ്കൂൾ കെട്ടിടത്തിലേക്ക് മാറ്റുകയുണ്ടായി.

ബഹുമാനപ്പെട്ട കോർ എപ്പിസ്കോപ്പ് അച്ചൻ പ്രസ്തുത സ്ഥാപനം 1984 ൽ മീനങ്ങാടി സെന്റ്n പീറ്റേഴ്സ് & സെന്റ് പോൾസ് പള്ളിക്ക് സ്വമനസ്സാലെ നൽകുകയും ചെയ്തു. 1985 ൽ 7 അംഗ സ്കൂൾ ഗവേണിംഗ് ബോർഡ് നിലവിൽ വന്നു. ആദ്യത്തെ ബോർഡ് മെമ്പർമാർ താഴെ പറയുന്നവരാണ്. സ്കൂളിന്റെ ആദ്യ രക്ഷാധികാരി അഭി. ഡോ. യൂഹാനോൻ മോർ പീലക്സിനോസ് മെത്രാപ്പോലീത്ത ആണ്.

1. വന്ദ്യ പി.സി.മിഖായേൽ കോർ എപ്പിസ്കോപ്പ

2. ശ്രീ. കെ.ഒ. ഇസഹാക്ക്

3. ശ്രീ. എൻ.പി. യൽദോ

4. ശ്രീ. റ്റി.എം. മാത്യൂ

5. ഡോ. മാത്യൂ തോമസ് വെളിന്തറ

6. ശ്രീ. പി.പി. മത്തായിക്കുഞ്ഞ്

7. ശ്രീ. ചെറിയാൻ ഓലിക്കൽ

**ആദ്യത്തെ മാനേജർ**

1. ഡീക്കൻ കര്യാക്കോസ് തയ്യിൽ

**ആദ്യത്തെ ഗുരുക്കന്മാർ**

ശ്രീമതി. കെ.വി. മറിയം, ശ്രീമതി. കെറ്റി. വത്സ ടീച്ചർ, ശ്രീമതി. ലിസി ടീച്ചർ (മേരി മിഖായേൽ), ശ്രീമതി. റ്റി.എം. ബീന ടീച്ചർ, ശ്രീമതി. കെ.പി. വൽസ ടീച്ചർ, പി.വി ജോസ് മാസ്റ്റർ എന്നിവർ ആയിരുന്നു.

# ലക്ഷ്യങ്ങൾ

1. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിൻ്റെ ഭാഗമായി പാഠ്യപദ്ധതി മുന്നോട്ടുവയ്ക്കുന്ന ലക്ഷ്യങ്ങൾ സാക്ഷത്കരിക്കുന്നതിനാവശ്യമായ അടിസ്ഥാനസൗകര്യ വികസനം സാധ്യമാക്കുക.

2. വിദ്യാർത്ഥികൾക്ക് പഠനം രസകരവും സർഗാത്മകവും ആക്കുന്നതിന് ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യുകയും നടപ്പിലാക്കുകയും ചെയ്യുക.

3. പാഠ്യേതര മേഖലകളിൽ വിദ്യാർത്ഥികളുടെ മികവ് കണ്ടെത്തി പരിപോഷിപ്പിക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ നടപ്പിലാക്കുക .

4. ജനാധിപത്യം, മതേതരത്വം, മൂല്യബോധം എന്നിവയിൽ അധിഷ്ഠിതമായ വിദ്യാഭ്യാസം മുഴുവൻ വിദ്യാർഥികൾക്കും ലഭ്യമാക്കുക.

5. അക്കാദമിക് മികവിന് ഉപകരിക്കുന്ന വിധത്തിൽ ദീർഘകാല പ്രവർത്തനങ്ങളോടെ പശ്ചാത്തല സൗകര്യം ഒരുക്കുക.

6. അധ്യാപനവും അധ്യായനവും സർഗാത്മകവും രസകരവും ആക്കുന്നതിന് ഉപകരിക്കുന്ന വിധത്തിലുള്ള വിവിധ പ്രവർത്തനങ്ങൾ രൂപപ്പെടുത്തൽ.

## വിദ്യാലയം മികവിന്റെ കേന്ദ്രം

- പാഠ്യ പാഠ്യേതര മേഖലകളിൽ വിദ്യാർത്ഥികളുടെയും സമൂഹത്തിന്റെയും സജീവ പങ്കാളിത്തം ഉറപ്പ് വരുത്തികൊണ്ടുള്ള ഒരു വിദ്യാലയ അന്തരീക്ഷം സജ്ജമാക്കുക

- പ്രകൃതി സംരക്ഷണം, ജലസംരക്ഷണം എന്നിവയിലൂടെ ജീവന്റെ കാവലാളാകുവാനും, ആഗോളതാപനം, കാലാവസ്ഥാ വ്യതിയാനം എന്നിവമൂലം ഇന്നുണ്ടായിക്കൊണ്ടിരിക്കുന്ന ദുരന്തങ്ങളെ തടയുന്നതിനാവശ്യമായ പരിശീലനം വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുക.

- പൊതു സമൂഹം ഇന്ന് നേരിടുന്ന മൂല്യ തകർച്ചയിൽ നിന്നും വിദ്യാർത്ഥികളെ രക്ഷിക്കാനും, മദ്യം, മയക്കുമരുന്നുകൾ എന്നിവയുടെ ഉപയോഗം തടഞ്ഞ് സ്ത്രീ സുരക്ഷ, സാമൂഹ്യ സമത്വം, തുല്യ നീതി, തുല്യ അവസരം എന്നീ ലക്ഷ്യങ്ങൾ നേടുവാനും ആവശ്യമായ പരിശീലനം വിദ്യാർത്ഥികൾക്കും മാതാപിതാക്കൾക്കും ഉറപ്പു വരുത്തുക.

- വ്യക്തി ശുചിത്വം, പരിസര ശുചിത്വം എന്നിവ ഉറപ്പാക്കി രോഗവിമുക്തമായ ഒരു പൊതു സമൂഹത്തെ വാർത്തെടുക്കുക.

- വിദ്യാലയത്തിന്റെ അക്കാദമിക് നിലവാരം ഉയർത്തുന്നതിനും പാഠ്യപദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ നേടുന്നതിനുമായി ക്ലാസ് മുറികളിൽ ഹൈടെക് സംവിധാനങ്ങൾ ഏർപ്പെടുത്തി പഠനം രസകരവും, വിജ്ഞാന പ്രദവും സർഗ്ഗാത്മകവുമാക്കി മാറ്റുക.

- ശുചിത്വം, ദീനാനുകമ്പ തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം ഒരുക്കുക

- പാർശ്വ വൽക്കരിക്കപ്പെട്ടവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പാക്കുന്ന വിദ്യാലയ അന്തരീക്ഷം ഒരുക്കൽ

## പ്രതീക്ഷിത നേട്ടങ്ങൾ

- ✗ ശിശു സൗഹൃദപരമായ അന്തരീക്ഷത്തിൽ മികച്ച പഠനാന്തരീക്ഷം.
- ✗ സ്കൂൾ സമൂഹത്തിൽ എന്നാശയം സാക്ഷാത്കരിക്കപ്പെടുന്നു.
- ✗ വിദ്യാർത്ഥികളിൽ മൂല്യങ്ങൾ ഉറപ്പുവരുത്തുന്നു.
- ✗ ആർജിത ശേഷികൾ പരിപോഷിപ്പിക്കുന്നു
- ✗ ഭൗതിക തലത്തിലും അക്കാദമിക തലത്തിലും ഉന്നത നിലവാരം ആർജ്ജിക്കുന്നു.
- ✗ മാനവികതയിലൂന്നിയുള്ള രാഷ്ട്രതന്ത്രജ്ഞരെ വളർത്തിക്കൊണ്ടു വരിക.
- ✗ രാജ്യ പുരോഗതിക്കുതകുന്ന ഒരു തലമുറയെ വാർത്തെടുക്കുക
- ✗ ലഹരിവസ്തുക്കൾക്കടിമപ്പെടാത്ത ഒരു തലമുറയെ സൃഷ്ടിക്കുക.
- ✗ ജീവകാരുണ്യ പ്രവർത്തനങ്ങളിൽ പങ്കാളികളാകുന്ന ഒരു വിദ്യാർത്ഥി സമൂഹത്തെ ഉയർത്തി കൊണ്ടു വരിക.
- ✗ ആരോഗ്യമുള്ള ഒരു ജനതയെ സൃഷ്ടിക്കുക
- ✗ രാജ്യസ്നേഹവും ദേശബോധവുമുള്ള ജനതയെ വളർത്തുക.

# പദ്ധതി രൂപീകരണ പ്രക്രിയ- വിവിധ ഘട്ടങ്ങൾ

1. എസ് ആർ ജി യോഗത്തിൽ സെന്റ് പീറ്റേഴ്സ് ആൻഡ് സെന്റ് പോൾസ് സ്കൂൾ മീനങ്ങാടി 2025 - 26 വർഷത്തിൽ നടത്തേണ്ട പ്രവർത്തനങ്ങൾ ചർച്ച ചെയ്തു.
2. വികസന ആവശ്യങ്ങൾ ക്ലാസ് - വിഷയം അടിസ്ഥാനത്തിൽ ഭൗതികം - അക്കാദമികം - സാമൂഹികം എന്നിങ്ങനെ തിരിച്ച് കരട് രൂപരേഖ തയ്യാറാക്കൽ.
3. കരടി രൂപരേഖ എസ് ആർ ജി, പിടിഎ, എം പി ടി എ, ജനപ്രതിനിധികൾ എന്നിവരടങ്ങുന്ന ശില്പശാലയിൽ അവതരിപ്പിക്കൽ.
4. ശിൽപ്പശാലയിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ കൂട്ടിച്ചേർക്കൽ.
5. അക്കാദമികം - ഭൗതികം - സാമൂഹികം എന്നീ മേഖലയിലെ വിവിധ പ്രവർത്തനങ്ങൾ വിവിധ ഗ്രൂപ്പുകൾക്ക് ചുമതല ഏൽപ്പിച്ചു.
6. പിടിഎ നേതൃത്വത്തിൽ ക്രോഡീകൃത പദ്ധതി രേഖ തയ്യാറാക്കൽ.
7. എസ് ആർ ജി യോഗത്തിൽ സെന്റ് പീറ്റേഴ്സ് സ്കൂൾ വിഷൻ 2030 എന്ന വികസന കാഴ്ചപ്പാട് അവതരിപ്പിക്കലും ചർച്ചയും.

# നിലവിലെ അവസ്ഥാവിശകലനം

## ഭൗതികം - നേട്ടങ്ങൾ

- നിലവിലുള്ള 18 ക്ലാസ് മുറികളിൽ മതിയായ സൗകര്യങ്ങൾ ഉണ്ട്.
- സ്റ്റാഫ് റൂം , ലൈബ്രറി , ഐടി ലാബ് , ഓഡിറ്റോറിയം എന്നിവിടങ്ങളിൽ മതിയായി സൗകര്യങ്ങളുണ്ട്.
- ക്ലാസ് ലൈബ്രറികൾ രൂപീകരിച്ചിട്ടുണ്ട് .

## അക്കാദമിക നേട്ടങ്ങൾ

- എസ്എസ്എൽസി ബാച്ച് തുടങ്ങിയത് മുതൽ എല്ലാ കുട്ടികളെയും വിജയിപ്പിക്കാനായി .
- എ പ്ലസ് നേടുന്നവരുടെ എണ്ണം 75 ശതമാനത്തോളം ഉയർന്നു.
- ഗണിതശാസ്ത്ര, സാമൂഹ്യശാസ്ത്ര, പ്രവർത്തിപരിചയമേള, ഐടി മേള, യുവജനോത്സവം, വിദ്യാരംഗം എന്നിവയിൽ ജില്ലാ സംസ്ഥാന തലങ്ങളിൽ മികച്ച പ്രകടനം.
- LSS, USS എന്നിവയിൽ മികച്ച നേട്ടം.

# വാർഷിക പദ്ധതി - ദിനാചരണങ്ങൾ

## ജൂൺ

- രണ്ടാം തീയതി പ്രവേശനോത്സവം നടത്തി. ചെണ്ടമേളത്തിന്റെ അകമ്പടിയോടെ പുതിയ വിദ്യാർത്ഥികളെ ആനയിക്കപ്പെട്ടു.
- ജൂൺ 5 പരിസ്ഥിതി ദിനാചരണം. വിവിധ മത്സരങ്ങൾ എന്നിവ പരിസ്ഥിതി ക്ലബ്ബിൻറെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ടു.
- ക്ലബ് രൂപീകരണം

➢ ഇംഗ്ലീഷ് ക്ലബ്ബ് രൂപീകരണം, ഗണിത ക്ലബ് രൂപീകരണം, വിദ്യാരംഗം ക്ലബ് രൂപീകരണം എന്നിവ നടത്തുകയുണ്ടായി.

➢ കുട്ടികളെ ചേർത്ത് ജെ ആർ സി ക്ലബ്ബുകൾ രൂപീകരിച്ചു.

- വായന പക്ഷാചരണം - പുസ്തക പരിചയം, വിവിധ മത്സരങ്ങൾ, എഴുത്തുകാരെ പരിചയപ്പെടൽ, പുസ്തക കൈമാറ്റം എന്നിവ മലയാളം ക്ലബ്ബിന്റെയും ഇംഗ്ലീഷ് ക്ലബിന്റെയും ആഭിമുഖ്യത്തിൽ നടത്തപ്പെട്ടു.
- പ്രവർത്തി പരിചയ ക്ലബ് രൂപീകരണം - വിവിധ നിർമ്മാണ പ്രവർത്തനങ്ങൾ എന്നിവ പ്രവർത്തി പരിചയ ക്ലബ്ബിന്റെ നേതൃത്വത്തിൽ നടത്തുകയുണ്ടായി .
- അസംബ്ലി - ആഴ്ചയിൽ ഓരോ ദിവസം വീതം ഹിന്ദി അസംബ്ലി നടത്തുവാനും ഹിന്ദിയിലുള്ള പ്രാവീണ്യം വർധിപ്പിക്കുവാനും ഹിന്ദി ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ തീരുമാനിച്ചു .

- കുട്ടികളെ ചേർത്ത് നല്ല പാഠം ക്ലബ്ബുകൾ രൂപീകരിച്ചു
- മാക്സ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ മാസത്തിൽ ഒരു ദിവസം വെച്ച് ഗണിത ക്വിസ് നടത്തുവാൻ തീരുമാനിച്ചു.

## ജൂലൈ

- സീഡ് ക്ലബ്ബ് - സീഡ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ കുട്ടികൾക്ക് ലഹരിക്കെതിരെ ബോധവൽക്കരണ ക്ലാസുകൾ നടത്തുകയുണ്ടായി.
- ജൂലൈ 2 നല്ല പാഠം ക്ലബ്ബിൻറെ ആഭിമുഖ്യത്തിൽ ചക്ക മഹോത്സവം നടത്തുകയുണ്ടായി .
- ചക്ക കൊണ്ടുള്ള വിവിധതരം ഭക്ഷണങ്ങൾ കുട്ടികൾ ഉണ്ടാക്കിക്കൊണ്ടു വരികയും രാഷ്ട്രീയ പ്രമുഖർ സാമൂഹ്യ പ്രവർത്തകർ എന്നിവർ പങ്കെടുക്കുകയും ചെയ്തു.
- ജൂലൈ 14 സീഡ് ക്ലബ്ബിൻറെ ആഭിമുഖ്യത്തിൽ പരിസ്ഥി ക്വിസ് നടത്തുകയും സമ്മാനങ്ങൾ കൊടുക്കുകയും ചെയ്തു.

## ഓഗസ്റ്റ്

- ഓഗസ്റ്റ് 5 -വിദ്യാരംഗം ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ഉപന്യാസ മത്സരം നടത്തുകയുണ്ടായി .
- ഓഗസ്റ്റ് 6- ഹിരോഷിമാ ദിനം സ്കൂൾ ഹെഡ്മാസ്റ്റർ ബോധവൽക്കരണ ക്ലാസുകൾ നടത്തി.
- ഓഗസ്റ്റ് 9 - നാഗസാക്കി ദിനം- യുദ്ധവിരുദ്ധ പോസ്റ്റർ തയ്യാറാക്കി .

- ഓഗസ്റ്റ് 15 - സ്വാതന്ത്ര്യ ദിനം - പതാകവന്ദനം, ക്വിസ് മത്സരങ്ങൾ ,

  ദേശഭക്തിഗാന മത്സരം എന്നിവ നടത്തുകയുണ്ടായി.

## സെപ്റ്റംബർ

- ഓണാഘോഷം - മലയാളിമങ്ക ,മാവേലിമന്നൻ മത്സരങ്ങൾ
- അധ്യാപക ദിനം ആഘോഷം- മീറ്റിംഗ് , അധ്യാപകരെ ആദരിക്കൽ
- ഓസോൺ ദിനാചരണം- പരിസ്ഥി സെമിനാർ.
- ഇംഗ്ലീഷ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ക്ലാസ്.

## ഒക്ടോബർ

- ഒക്ടോബർ 2- ഗാന്ധിജയന്തി -സോഷ്യൽ സയൻസ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ .
- ഗാന്ധി ക്വിസ്
- ഇംഗ്ലീഷ് ഫെസ്റ്റ് - പോസ്റ്റർ നിർമ്മാണം, ഇംഗ്ലീഷ് സ്കിറ്റ് .

## നവംബർ

- നവംബർ 1 കേരളപ്പിറവി - സോഷ്യൽ സ്റ്റഡീസ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ

  കേരളപ്പിറവി.
- വിദ്യാരംഗം കലാസാഹിത്യവേദി - സാഹിത്യമത്സരങ്ങൾ
- ജെ ആർ സി - പരിസര ശുചീകരണം

## ഡിസംബർ

- എയ്ഡ്സ് ദിനാചരണം - ബോധവൽക്കരണ ക്ലാസ്
- ഭോപ്പാൽ വാതക ദുരന്ത ദിനം - വ്യവസായവൽക്കരണവും ദുരന്തഫലങ്ങളും

## ജനുവരി

- പുതുവത്സരാഘോഷം
- ആഗോളതാപനം - സെമിനാർ ആഗോളതാപനവും കാലാവസ്ഥാ വ്യതിയാനവും.
- റിപ്പബ്ലിക് ദിനം - പതാക വന്ദനം, സന്ദേശം
- ഗാന്ധി അനുസ്മരണം - ഗാന്ധി പ്രതിമയിൽ പുഷ്പാർച്ചന നടത്തൽ .

## ഫെബ്രുവരി

- ഒഎൻവി ചരമദിനം അനുസ്മരണം - ഒഎൻവി കവിതകൾ പരിചയപ്പെടൽ .

## മാർച്ച്

- എസ്എസ്എൽസി കുട്ടികൾക്ക് മോട്ടിവേഷൻ ക്ലാസ് .
- പരീക്ഷയെ സമചിത്തതയോടെ നേരിടാൻ ഉള്ള പരിശീലനം.
- ട്രാഫിക് നിയമങ്ങളെ കുറിച്ചുള്ള ക്ലാസുകൾ

| | | | | |
|---|---|---|---|---|

## മേഖല യു.പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 1) ഭാഷയുടെ അടിസ്ഥാന ശേഷി വികസനം. ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | **എന്റെ അവധിക്കാലം:** പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത, യാത്രാനുഭവം, അനുഭവ കുറിപ്പ്) അവതരിപ്പിക്കുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | **ഭാഷാകേളി:** അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | **വാക്കുകളിൽ നിന്നും വാക്യത്തിലേക്ക്:** അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകളുപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| 2) പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പ് വരുത്തുക. | **വാർത്താലോകത്തേക്ക്:** പത്രം, ആഴ്ച്ചപതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു. | എല്ലാദിവസവും | മലയാളം അധ്യാപകർ | |

www.apluseducare.blogspot.com or Whatsapp 9746544422

## മേഖല യു.പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| | **വാർത്താവായന:**<br>നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെ കൊണ്ട് വായിപ്പിക്കുന്നു. ക്ലാസ് തലത്തിൽ വായന നടത്തി തിരഞ്ഞെടുത്ത കുട്ടികൾക്ക് അവസരം നൽകുന്നു. | പ്രതിമാസം | മലയാളം ക്ലബ്ബ് | |
| | അതാത് മാസത്തെ പ്രധാന സംഭവങ്ങൾ ക്ലാസ്, സ്കൂൾ, ലൈബ്രറി പുസ്തകങ്ങൾ എന്നിവയെ ആസ്പദമാക്കി ക്വിസ് മത്സരം നടത്തുന്നു. | വർഷത്തിൽ മൂന്നുപ്രാവശ്യം | മലയാളം ക്ലബ്ബ് | മലയാളം ക്ലബ്ബ് |
| 3) സാഹിത്യ കൃതികളോടും സാഹിത്യകാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ. | **സംവാദം/മുഖാമുഖം:**<br>സാഹിത്യകാരന്മാർ, എഴുത്തുകാർ, കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു. | വർഷത്തിൽ രണ്ട് പ്രാവശ്യം | ഹെഡ്മിസ്ട്രസ്, മലയാളം അധ്യാപകർ | പി.ടി.എ. |
| 4) മലയാളം കമ്പ്യൂട്ടറിംഗ് പരിജ്ഞാനം നേടി എടുക്കലും സർഗ്ഗാത്മകശേഷി വളർത്തലും. | **ഇ-കമ്പ്യൂട്ടറിംഗ്:**<br>മുഴുവൻ കുട്ടികളെയും മലയാളം കമ്പ്യൂട്ടറിംഗ് പരിശീലിപ്പിക്കുകയും ഇ - മാഗസിൻ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. | രണ്ട് വർഷം | മലയാളം, ഐ.ടി. അധ്യാപകർ | മലയാളം ക്ലബ്ബ് |
| | മുഴുവൻ പഠിതാക്കളുടെയും സർഗ്ഗാത്മക രചനകൾ ഉൾക്കൊള്ളിച്ച് കൊണ്ട് സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു. | വർഷാവസാനം | മലയാളം അധ്യാപകർ | |

www.apluseducare.blogspot.com or Whatsapp 9746544422

## മേഖല യു.പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 5) പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ. | **രംഗാവിഷ്കാരം:**<br>പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ, ലഘു നാടകങ്ങൾ തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു.<br>വിദഗ്ധരായ നാടക കലാകാരന്മാരെയും മറ്റ് കലാകാരന്മാരെയും പങ്കെടുപ്പിച്ച് കൊണ്ട് ശില്പശാലകൾ നടത്തുന്നു. | അക്കാദമിക് വർഷം | പി.ടി.എ, സ്കൂൾ | പി.ടി.എ |
| 6) കുട്ടികളുടെ ആകാശവാണി സെന്റ് മേരീസ് എഫ് .എം. അവതരണ മികവ്. | **സെന്റ് മേരീസ് എഫ് .എം.**<br>വിശേഷ ദിനങ്ങളും ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പരിപാടികൾ അവതരിപ്പിക്കുന്നു. വിവിധ രംഗങ്ങളിൽ മികവ് തെളിയിക്കുന്ന കുട്ടികളുമായുള്ള അഭിമുഖം നടത്തുന്നു. വായിച്ച പുസ്തകങ്ങളിൽ ഏറ്റവും മികച്ചതിന്റെ ആസ്വാദനം തയ്യാറാക്കി അവതരിപ്പിക്കുന്നു.<br>ഓരോ ആഴ്ചയിലേയും ഏറ്റവും പ്രധാനപ്പെട്ട വാർത്തകളുടെ അവതരണം നടത്തുന്നു. സ്കൂളിലെ പ്രധാനപ്പെട്ട സംഭവങ്ങൾ വാർത്തയായി അവതരിപ്പിക്കുന്നു. | തുടക്കത്തിൽ ആഴ്ച്ചയിൽ ഒന്ന്, പിന്നീട് എല്ലാദിവസവും | ക്ലാസ് ലീഡർമാർ, സ്കൂൾ ലീഡർ, മലയാളം അധ്യാപകർ | വിവിധ ക്ലബ്ബുകൾ, പി.ടി.എ |

www.apluseducare.blogspot.com or Whatsapp 9746544422

# മേഖല യു.പി. ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| | Meet the Foreigner തനത് ഭാഷ സംസാരിക്കുന്ന വ്യക്തികളുമായി ആശയ വിനിമയം നടത്തുവാനുള്ള അവസരം ഒരുക്കുന്നു. | വർഷത്തിൽ ഒരു തവണ | ഇംഗ്ലീഷ് അധ്യാപകർ | |
| | One Man Show ആശയം നൽകി ഇംഗ്ലീഷിൽ ഏകാഭിനയത്തിന് പ്രോത്സാഹനം നൽകുന്നു. | ഒക്ടോബർ | ഇംഗ്ലീഷ് അധ്യാപകർ | |
| 2) ഭാവാത്മക വായന പരിശീലിപ്പിക്കുന്നു | I Too Can !! വ്യത്യസ്ത തലങ്ങളിലായി വിവിധ വായന കാർഡുകൾ ക്രമീകരിക്കുന്നു. തെറ്റുകൂടാതെ വായിക്കുവാൻ അവസരം നൽകുന്നു. (ലളിതമായതിൽ നിന്നും സങ്കീർണ്ണമായതിലേക്ക്) | ജൂലൈ | ഇംഗ്ലീഷ് അധ്യാപകർ | |
| | Leaning Ladder പാഠഭാഗത്തിൽ നിന്നും തിരഞ്ഞെടുത്ത കുറച്ച് വാക്കുകൾ ചാർട്ടിലെഴുതി കണ്ണാടിയിൽ നിന്നും വായിക്കുവാൻ കുട്ടികൾക്ക് അവസരം നൽകുന്നു. മുഴുവൻ വാക്കുകളും ശരിയായി കണ്ടെത്തുന്നവർക്ക് പരിപാടിയായി ഏണിയുടെ ഉയരങ്ങൾ കീഴടക്കാൻ സാധിക്കുകയും ഒളിഞ്ഞിരിക്കുന്ന സമ്മാനം ലഭിക്കുകയും ചെയ്യുന്നു. | സെപ്തംബർ | ഇംഗ്ലീഷ് അധ്യാപകർ | |
| | F.M. Corner വ്യത്യസ്തമായ കഥകൾ Reader's Theatre റേഡിയോ ഡ്രാമ രൂപത്തിൽ അവതരിപ്പിക്കുവാനുള്ള അവസരം നൽകുന്നു. | ടേമിൽ ഒരു തവണ | ഇംഗ്ലീഷ് അധ്യാപകർ | |
| | Reader of the Month ഇംഗ്ലീഷ് ദിനപത്രം വായിക്കുവാൻ അവസരം നൽകി. Reader of the Month നെ ആദരിക്കുന്നു. | മാസം തോറും | ഇംഗ്ലീഷ് അധ്യാപകർ | |

www.apluseducare.blogspot.com or Whatsapp 9746544422

## മേഖല യു.പി. ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 3) തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്നു. | **My Droplets** കുട്ടികളുടെ കലാസൃഷ്ടി ഉൾപ്പെടുത്തി ക്ലാസ് മാഗസിൻ മിനി ഡിക്ഷണറി എന്നിവ തയ്യാറാക്കുന്നു. | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകൻ | |
| | **Alert Zone** സൂചന ബോർഡുകൾ, പോസ്റ്ററുകൾ, നോട്ടീസുകൾ എന്നിവ സ്കൂൾ അന്തരീക്ഷത്തിലും ക്ലാസ് റൂമുകളിലുമായി പ്രദർശിപ്പിക്കുന്നു. | ദിനാചരണങ്ങളിൽ | ഇംഗ്ലീഷ് അധ്യാപകൻ | |
| | **Run Baby Run** ക്ലാസിനെ ഗ്രൂപ്പുകളാക്കുന്നു. ചാർട്ടിലെഴുതി പ്രദർശിപ്പിച്ച വാക്കുകൾ ഒരുപ്രാവശ്യം വായിച്ചതിനു ശേഷം മറ്റൊരു ചാർട്ടിലേക്ക് തെറ്റുകൂടാതെ എഴുതുന്നു. ഏറ്റവും ആദ്യം വാക്യങ്ങൾ തെറ്റുകൂടാതെ എഴുതിയ ഗ്രൂപ്പിനെ വിജയിയായി പ്രഖ്യാപിക്കുന്നു. | ഫെബ്രുവരി | ഇംഗ്ലീഷ് അധ്യാപകൻ | |
| | **Fun time Funda** കടംകഥകൾ, കുസൃതി ചോദ്യങ്ങൾ, ഫലിതങ്ങൾ എന്നിവ തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കുവാൻ അവസരം നൽകുന്നു. | എല്ലാ ഇംഗ്ലീഷ് പിരീഡും | ഇംഗ്ലീഷ് അധ്യാപകൻ | |
| 4) ഇംഗ്ലീഷ് ഭാഷയോടുള്ള ആത്മവിശ്വാസം ഉയർത്തുന്നു. | **The Grand Camp** ഇംഗ്ലീഷിൽ പ്രാവീണ്യമുള്ള രക്ഷിതാക്കളെയും സമൂഹത്തിലെ മറ്റ് വ്യക്തികളെയും ഉൾപ്പെടുത്തി ഇംഗ്ലീഷ് അന്തരീക്ഷം സൃഷ്ടിച്ച് ഒരു ഇംഗ്ലീഷ് ക്യാമ്പ് നടത്തുന്നു. 5,6,7 ക്ലാസിലെ കുട്ടികൾക്ക് വൈവിധ്യമാർന്ന പരിപാടികളുമായി മുന്നോട്ട് വരാൻ അവസരം ഒരുക്കുന്നു.<br>അഞ്ചാം ക്ലാസിനായി കഥപറയൽ, കഥയെഴുത്ത്<br>ആറിന് **Role play** നാടകം എന്നിവ പ്രച്ഛന്നവേഷരായി<br>ഏഴാം ക്ലാസിന് കവിതയുടെ പ്രസംഗം തുടങ്ങിയവ.<br>ക്യാമ്പിന് ഒടുവിൽ ഡോക്യുമെന്ററി /ഫിലിം ഷോ | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകർ, പി.ടി.എ. ഭാരവാഹികൾ, രക്ഷിതാക്കൾ | |

www.apluseducare.blogspot.com or Whatsapp 9746544422

# മേഖല യു.പി. ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 1) **5,6,7 ക്ലാസ് അക്ഷര ബോധം ഉറപ്പിക്കൽ.** ഹിന്ദി അഞ്ചാംതരം മുതൽ ആരംഭിക്കുന്നതിനാൽ ഹിന്ദി ഇഷ്ടപ്പെടാനും അക്ഷര ങ്ങളെ പരിചയപ്പെടാനും അവസരം ഒരുക്കുക. പഠിപ്പിച്ചെടുക്കുക. | പുതിയ പദങ്ങൾ, പദ്യങ്ങൾ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസിലാക്കി കൊടുത്ത് പഠിപ്പിക്കും. ചിത്രങ്ങൾ, അക്ഷരമാല ചാർട്ട് സിഡിയിൽ അക്ഷര രചന കാണിക്കൽ എന്നിവ. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |
| 2) **ഹിന്ദി വായന**: തെറ്റു കൂടാതെ ഹിന്ദി വായിക്കു വാനുള്ള പരിശ്രമം ചെയ്യും. | നിരന്തരം പുസ്തകം വായിച്ച് കേൾപ്പിച്ച് വായനയിലേക്ക് ആകർഷിപ്പിക്കും മറ്റ് ഹിന്ദി ചിത്രകഥകൾ അതിന്റെ സി. ഡി. താഴെ ഹിന്ദിയിൽ വാക്യമുള്ളവ കാണിക്കും. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |
| 3) **ഹിന്ദി സംസാരം**: ഹിന്ദി യിൽ സംസാരിക്കാനുള്ള കഴിവുണ്ടാക്കി എടുക്കും നിത്യജീവിതത്തിൽ ആവശ്യം വരുന്നത് ഹിന്ദിയിൽ സംസാ രിക്കാനുള്ള ഭാഷ പരിചയ പ്പെടുത്തും. | ഹിന്ദി മാത്രം മിക്കവാറും ക്ലാസുകളിൽ ഉപയോഗിക്കും. അവരുടെ ചെറിയ ചെറിയ ആവശ്യങ്ങൾ ഹിന്ദിയിൽ തന്നെ ചോദിക്കും. ഹിന്ദിയിൽ മാത്രം സംസാരിക്കുന്ന വരെ ക്ലാസിൽ കൊണ്ടുവരും.<br>വായനയ്ക്ക്............<br>ഹിന്ദി തെറ്റിച്ച് അധ്യാപകൻ വായിക്കും കുട്ടികൾ ശ്രദ്ധ യോടെ അത് ശരിയാക്കി വായിക്കും.<br>Readery fight മത്സരവായന തെറ്റാതെ ആവർത്തി ക്കാതെ പാസില്ലാതെ കൂടുതൽ വരി വായിക്കണം.<br>ആ കുട്ടിക്ക് സമ്മാനം നൽകുന്നു. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |

www.apluseducare.blogspot.com or Whatsapp 9746544422

## മേഖല യു.പി. ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 1) അടിസ്ഥാന ഗണിത ക്രിയകൾ എല്ലാപഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു. | **ഗണിത ശിൽപ്പശാല**<br>കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർകാർഡ്, മഞ്ചാടിക്കുരു, മുത്തുകൾ, ഫ്ളാഷ് കാർഡ്,........ ഉപയോഗിക്കുന്നു.) | ജൂൺ മാസം | ഗണിത അധ്യാപകൻ | |
| 2) രസകരമായ ഗണിത ശാസ്ത്ര പഠനവും കരചലന ശേഷികളുടെ വികാസവും. | **ഒറിഗാമി ശിൽപ്പശാല**<br>ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ, പ്രദർശനം സംഘടിപ്പിക്കൽ. | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |
| 3) ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ. | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ ലാബിൽ വെച്ച് ഗണിത ക്ലാസ് നടത്തൽ. | ആവശ്യാനുസരണം | ഗണിത അധ്യാപകരും ഗണിത ക്ലബ്ബിലെ അംഗങ്ങളും | |
| 4) ഗണിതം മധുരമാക്കൽ | **ഗണിത പാർക്ക്**<br>ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് പാർക്ക് സജ്ജമാക്കൽ. | ഒരു പ്രാവശ്യം | ഗണിത ക്ലബ്ബ് | ഗണിത ക്ലബ്ബ്, പി.ടി.എ |
| 5) ഗണിത മേഖലയിൽ കുട്ടികളുടെ താൽപ്പര്യം വർദ്ധിപ്പിക്കൽ | **ഗണിത ഗ്രാമം**<br>ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരെ (മറ്റ് വിദ്യാലയങ്ങളിലും മറ്റ് മേഖലകളിലും പ്രവർത്തിക്കുന്നവർ) പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താൽപ്പര്യമുണ്ടാക്കുന്ന രീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു. | വർഷത്തിൽ അഞ്ചോ ആറോ തവണ | ഗണിത അധ്യാപകർ, ക്ലബ്ബ് ലീഡർമാർ | പി.ടി.എ |
| 6) ആധുനീക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു | **ഐ.ടി. സാധ്യതകളിലൂടെ**<br>ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ, ടാൻഗ്രാം ഇതുപോലുള്ള പ്രവർത്തനങ്ങൾ ഐ.ടി. സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു. | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |

www.apluseducare.blogspot.com or Whatsapp 9746544422

## മേഖല യു.പി. ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 7) ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു. | **ഗണിത ക്ലിനിക്ക്**<br>ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി, ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ നിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരു പിരീഡ് | ഗണിത അധ്യാപകരും സമർഥരായ കുട്ടികളും | |
| 8) വിവിധ ശേഷികളുടെ വികസനം | **ദിനാചരണം**<br>ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | SRG | |

## മേഖല യു.പി. സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 1) സാമൂഹ്യ ശാസ്ത്ര ത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ നേടിയെടുക്കൽ. | **അങ്കത്തട്ട്- കളിയിൽ നിന്ന് കാര്യത്തിലേക്ക്**<br>സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരീക്ഷിക്കുന്നതിന് പ്രഹേളികകൾ ഓരോ പഠിതാവിനും നൽകുന്നു. | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| | **ഓർമ്മച്ചെപ്പ്**<br>അന്തർദേശീയ തലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ICT സാധ്യകളുപയോഗിച്ച് Memory test നടത്തുന്നു | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 2) പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക. | **Virtual Field Trip**<br>ICT സാധ്യകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 3) ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക. | **വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക്**<br>ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാന തലം മനസിലാക്കുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 4) പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മനസിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു. | **പ്രകൃതി താണ്ഡവം: നേർക്കാഴ്ച**<br>ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, ഉരുൾപ്പൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതി ദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസിലാക്കുകയും അഗ്നിശമനസേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ Demonstration ക്ലാസുകൾ സംഘടിപ്പിക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പഠിതാക്കളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

## മേഖല യു.പി. സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 5) സഹജീവികളോട് സമഭാവന വളർത്തി എടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | **നന്മയുടെ നുറുങ്ങുവെട്ടം** പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ, ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു. മിതവ്യയ ശീലത്തിന്റെ ഭാഗമായി കുട്ടികൾ സ്വരൂപിച്ച സാധനസാമഗ്രികൾ ദുരന്തബാധിത പ്രദേശങ്ങളിൽ ആശ്വാസഹസ്തമാകുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | പി.ടി.എ |
| 6) വിവരവിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു. | **ചിലന്തിവലയിൽ നിന്ന് കുതിച്ചുചാട്ടം** സാമൂഹ്യ ശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവത്ക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 7) സുസ്ഥിര വികസന കാഴ്ച്ചപ്പാട് രൂപപ്പെടുത്തുന്നു. | **കാടെവിടെ മക്കളെ ? (ഫീൽഡ് ട്രിപ്പ്, സർവ്വേ)** പരിസ്ഥിതി ചർച്ചയ്ക്ക് കാരണമാകുന്ന മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേയമായ കാവുകൾ, കണ്ടൽക്കാടുകൾ, തണ്ണീർ തടങ്ങൾ, ജലാശയങ്ങൾ, കാടുകൾ എന്നിവ സന്ദർശിച്ച് സർവ്വേ നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് |
| 8) സാമൂഹ്യ ശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്തർദേശിയ നിലവാരത്തിലേക്ക് എത്തിക്കുന്നു. | **പുതുചക്രവാളത്തിലേക്ക്** സിവിൽ സർവ്വീസ് പരീക്ഷകളെഴുതാൻ പ്രാപ്തി നേടും വിധം അറിവിന്റെ മാസ്മരികലോകം സൃഷ്ടിക്കുന്ന, മത്സരബുദ്ധിയോടെ പൊതുവിജ്ഞാനം വളർത്താൻ സഹായിക്കുന്ന ഉത്തരങ്ങൾ നിമിഷനേരം കൊണ്ടെന്ന രീതിയിലുള്ള ചോദ്യോത്തരവേളകൾ ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

www.apluseducare.blogspot.com or Whatsapp 9746544422

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26 -- UP

# അടിസ്ഥാനശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. ജീവിതസാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | <u>പരീക്ഷണകളരി</u><br>നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘു പരീക്ഷണങ്ങളിലൂടെ ശാസ്ത്രക്ലാസുകൾ ആരംഭിക്കുന്നു. പരീക്ഷണ കിറ്റുകൾ നിർമ്മിക്കുന്ന പരീക്ഷണക്കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറാക്കുന്നു | ജൂൺ മുതൽ | ശാസ്ത്ര അധ്യാപകർ, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | 5000 |
| 2. ശാസ്ത്ര പ്രക്രിയശേഷി വികസിപ്പിക്കുക.<br><br>ആധുനികശാസ്ത്ര ഉപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക | ഊർജ്ജ ക്ലബ്ബ് ആരോഗ്യ ക്ലബ്ബ് ശാസ്ത്ര ക്ലബ്ബ് ഇവയുടെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രോജക്റ്റുകൾ തയ്യാറാക്കുന്നു.<br>ആധുനിക ശാസ്ത്ര ലോകത്തിന്റെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾതല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ, സയൻസ് ക്ലബ്ബ് | 10000 |
| 3. കുട്ടികളിൽ ശാസ്ത്രീയ മനോഭാവം വളർത്തുക | ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു.<br><br>ശാസ്ത്രവുമായി ബന്ധപ്പെട്ട ഷോർട്ട് ഫിലിം പ്രദർശനം<br><br>പഠന പ്രവർത്തനങ്ങൾക്കായി ICT ഉപയോഗം കാര്യക്ഷമമാക്കുക. | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ, സയൻസ് ക്ലബ്ബ്, | 10000 |
| 4. ശാസ്ത്ര സർഗ്ഗാത്മകത വളർത്തുക | സ്കൂൾ ശാസ്ത്ര ലൈബ്രറി<br>ശാസ്ത്ര നാടകങ്ങൾ, പരീക്ഷണ കളരികൾ | അക്കാദമിക വർഷം | പി.ടി.എ, ശാസ്ത്ര അധ്യാപകർ, സയൻസ് ക്ലബ്ബ്, | 25000 |

# സീറോ പിരീഡ്

സ്കൂളിലെ പഠനത്തിൽ പിന്നോക്കക്കാരായ വിദ്യാർത്ഥികളെ പ്രത്യേക പരിശീലനത്തിലൂടെ പഠനനിലവാരം ഉയർത്തുന്നതിന് വേണ്ടി ഒരു സിറോപിരീഡ് ഉണ്ടാക്കുകയും ആ സമയത്ത് പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളെ പ്രത്യേകമായി പഠിപ്പിക്കുകയും ചെയ്യുന്നു.

കൂടാതെ ഉച്ചസമയങ്ങളിൽ മിടുക്കരായ വിദ്യാർത്ഥികളെ ഉപയോഗപ്പെടുത്തി പിന്നോക്കം നിൽക്കുന്നവർക്ക് പരിശീലനം നൽകുകയും ചെയ്യുന്നു.

# ഉപസംഹാരം

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി കേരളത്തിൽ ആകമാനം രൂപീകരിച്ചു കൊണ്ടിരിക്കുന്ന അക്കാദമിക് മാസ്റ്റർ പ്ലാൻ രൂപീകരണ ഘട്ടങ്ങളിൽ ഈ വിദ്യാലയത്തിന്റെ സമഗ്ര പുരോഗതിക്ക് ആവശ്യമായ ഫലപ്രദമായ ചർച്ചകളും നിർദ്ദേശങ്ങളും സമൂഹത്തിന്റെ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്നവരിൽ നിന്നും ലഭിക്കുകയുണ്ടായി. വിദ്യാലയം സമൂഹ പിന്തുണയോടെ മികച്ച നേട്ടങ്ങൾ കൈവരിക്കുന്നതിനുള്ള ആസൂത്രണവും അതിന്റെ നടത്തിപ്പും പൊതുജന പങ്കാളിത്തത്തോടെയും ഉത്തരവാദിത്വത്തോടെയും നടപ്പിലാക്കുന്നതിനും അങ്ങനെ വിദ്യാലയം മികവിന്റെ കേന്ദ്രങ്ങൾ ആകുന്നതിനുള്ള വിവിധ പദ്ധതികളാണ് ഈ രൂപരേഖയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത് .

വിദ്യാലയത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യം ഏർപ്പെടുത്തുന്നതിനും അക്കാദമിക് മേഖലയിലെ പരിമിതികൾ മനസ്സിലാക്കി പരിഹാരബോധനത്തിലൂടെ പഠനം വിദ്യാർത്ഥികൾക്ക് രസകരവും വിജ്ഞാനപ്രദവും ആക്കി മാറ്റുന്നതിനാണ് ' ഈ പദ്ധതി രൂപരേഖയിൽ മുൻതൂക്കം നൽകിയിരിക്കുന്നത്. വരും വർഷങ്ങളിൽ പദ്ധതി നടത്തിപ്പിലെ പാളിച്ചകൾ തിരിച്ചറിഞ്ഞ് നിരന്തരം മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ സാധ്യതകളും രൂപരേഖയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഈ രൂപരേഖ തയ്യാറാക്കുന്നതിന് ആവശ്യമായ സഹായ സഹകരണങ്ങൾ നൽകിയ ഹെഡ്മാസ്റ്റർ, സ്റ്റാഫ് അംഗങ്ങൾ, പിടിഎ, എം പി ടി എ, മാനേജ്മെന്റ് എന്നിവരോടുള്ള നന്ദി രേഖപ്പെടുത്തിക്കൊള്ളുന്നു.

**നന്ദി**